**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട**

**ചോദ്യം നമ്പർ : 44** **05.06.2018- ൽ മറുപടിക്ക്**

## സഹകരണ പ്രസ്ഥാനങ്ങൾ മുഖേന വികസന പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി. പി.അയിഷാ പോറ്റി**<br>**ശ്രീ. സി. കൃഷ്ണൻ**<br>**ശ്രീ.സി.കെ. ശശീന്ദ്രൻ**<br>**ശ്രീ.പി.കെ.ശശി** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര സർക്കാരിന്റെ നിലപാടുകളെ അതിജീവിച്ചുകൊണ്ട് സഹകരണ സ്ഥാപനങ്ങളെ നാടിന്റെ പുരോഗതിയുടെ ചാലകശക്തിയാക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) കേന്ദ്ര സർക്കാരിന്റെ നയങ്ങൾ മൂലം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് അവയുടെ പ്രവർത്തനത്തിൽ നിരവധി ബുദ്ധിമുട്ടുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ നോട്ട് നിരോധനം മൂലം ഉടലെടുത്ത സാമ്പത്തിക പ്രതിസന്ധി സഹകരണ മേഖലയ്ക്ക് തിരിച്ചടിയായി. 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെ സഹകരണ മേഖല സംരക്ഷണ പ്രചരണം സംഘടിപ്പിച്ചു. ഡിസംബർ 18 ന് സഹകരണ മേഖല സംരക്ഷണ ദിനമായി ആചരിച്ചു. കേന്ദ്ര സർക്കാരിന്റെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട്, 2002 പ്രകാരം ഒന്നിലധികം സംസ്ഥാനങ്ങളിൽ പ്രവർത്തന പരിധിയുള്ള നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾക്ക് അവയുടെ പ്രവർത്തന പരിധി മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് സംസ്ഥാനങ്ങളിലെ രജിസ്ട്രാർമാരുടെ എൻ.ഒ.സി. ആവശ്യമല്ല എന്ന സ്ഥിതി സഹകരണ മേഖലയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചു. ആയത് പരിഹരിക്കുന്നതിനായി സംസ്ഥാന സഹകരണ വകുപ്പ് പ്രസ്തുത വിഷയങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളുടെ പുരോഗതിക്ക് താഴെ |

പറയുന്ന കാര്യങ്ങൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

1. ഓഹരി, മൂലധനം, വായ്പ, സബ്സിഡി സഹായങ്ങൾ നൽകി പ്രാഥമിക സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.
2. വനിതാ സഹകരണ സംഘങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് വനിതാ സംഘങ്ങൾക്കും വനിതാ ഫെഡറേഷനും ആധുനികവൽക്കരണത്തിനും കമ്പ്യൂട്ടർവൽക്കരണത്തിനും സഹായം നൽകി അതിന്റെ പ്രവർത്തനം സുസജ്ജമാക്കി വരുന്നു.
3. കേരളഎസ്.സി/എസ്.റ്റി. ഫെഡറേഷന്റെ കീഴിൽ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന ആയുർധാര ഉത്പാദന യൂണിറ്റിന് പേറ്റന്റുകൾ ലഭിച്ച ആയുർവേദ മരുന്നുകളുടെ ഉത്പാദനം വിപുലപ്പെടുത്തുന്നതിന് സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്.
4. സംസ്ഥാനത്തെ പാവപ്പെട്ട ജന വിഭാഗങ്ങളുടെ നേട്ടം ലക്ഷ്യമിട്ടുള്ള നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മാതൃക സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുകൊണ്ട് അവയുടെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിച്ചു വരുന്നുണ്ട്.
5. പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട വിപണനം, കാർഷിക സംസ്കരണം, ആരോഗ്യം തുടങ്ങിയ മേഖലകൾക്കു വേണ്ടിയുള്ള ആർ.ഐ.ഡി.എഫ്. ധനസഹായ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.
6. കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കൃഷി വകുപ്പുമായി ചേർന്ന് ബ്ലോക്ക് പഞ്ചായത്ത്

പരിധിയിൽപ്പെടുന്ന എല്ലാ ഗ്രാമപഞ്ചായത്തുകളിലേയും കാർഷിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി സഹകരണ സ്ഥാപനങ്ങൾ ആരംഭിച്ച കർഷക സേവന കേന്ദ്രങ്ങൾക്ക് ധനസഹായം നൽകി അതിന്റെ പ്രവർത്തനം വിപുലീകരിച്ചിട്ടുണ്ട്.

7. കക്കാ വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പദ്ധതിയേതരവിഭാഗത്തിൽ ഉൾപ്പെടുത്തി 3.00 കോടി രൂപ നൽകിയിട്ടുണ്ട്.
8. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ കോ-ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, എ.റ്റി.എം, ആർ.റ്റി.ജി.എസ്, എൻ.ഇ.എഫ്.റ്റി തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
9. സംസ്ഥാനത്തെ കശുവണ്ടി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ അഭ്യർത്ഥനയനുസരിച്ച് വിവിധ ജില്ലകളിൽ ഉത്പ്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിച്ച് കശുവണ്ടി വികസന കോർപ്പറേഷന് നൽകുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങളെ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
10. സഹകരണ സംഘങ്ങൾ മുഖേന

നെല്ല് സംഭരണം നടത്തുന്നതിനുള്ള പദ്ധതി നിർദ്ദേശം പരിഗണനയിലാണ്.

11. കർഷക സേവന കേന്ദ്രം നടത്തുന്നതിന് 2016-17 വർഷം എൻ.സി.ഡി.സി ധനസഹായ പ്രകാരം സർക്കാർ ഓഹരിയായി 29 പ്രാഥമിക സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.
12. 2016-17 ൽ ദുർബ്ബല സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള സംസ്ഥാന സർക്കാരിന്റെ ധനസഹായ പ്രകാരം ഓഹരി, വായ്പ, സബ്സിഡി ഇനങ്ങളിലായി ധനസഹായം അനുവദിച്ചുവരുന്നു.
13. കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തി വിപണന സഹകരണ സംഘങ്ങൾക്ക് ഓഹരി, വായ്പ, സബ്സിഡി എന്നീ ഇനങ്ങളിലായി തുക അനുവദിച്ചു വരുന്നു.
14. കാർഷിക സംസ്കരണ യൂണിറ്റുകളുടെ നവീകരണത്തിനുള്ള എൻ.സി.ഡി.സി. പദ്ധതിയിൽ 2016-17 ൽ തൃശ്ശൂർ ജില്ലാ നെല്ല് വിപണന സംസ്കരണ സഹകരണ സംഘത്തിന് 734.40 ലക്ഷം രൂപ ധനസഹായത്തിന് അംഗീകാരം നൽകിയിട്ടുണ്ട്.
15. റെയ്ഡ്കോയുടെ വികസനത്തിനു വേണ്ടി എൻ.സി.ഡി..സിയുടെ ധനസഹായത്തോടെ 2016-17 വർഷത്തിൽ 15 കോടി രൂപയുടെ പദ്ധതി അംഗീകരിച്ച് നടപ്പിലാക്കിവരുന്നു.
16. കൺസ്യൂമർഫെഡിൽ സുതാര്യത കൊണ്ടുവരുന്നതിന്റെ ഭാഗമായി ഇ-ടെണ്ടർ നടപ്പിലാക്കി. പ്രാഥമിക സഹകരണ സംഘങ്ങളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിച്ചു. ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ

ഇടപെടൽ നടത്തുന്നതിന്റെ ഭാഗമായി സ്റ്റുഡന്റ്സ് മാർക്കറ്റ് ആരംഭിക്കുന്നതിനും ആഫീസ് സ്റ്റേഷനറി സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനും വ്യക്തികൾക്ക് ഓൺലൈനായി സാധനങ്ങൾ വാങ്ങുന്നതിനും വീട്ടിലെത്തിക്കുന്നതിനുമായി ത്രിവേണികൾ ഓൺലൈൻ ട്രേഡിംഗ് ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചു. പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 2000 നീതി ഔട്ട് ലെറ്റും, 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നഷ്ടത്തിനും ഡാമേജിനും കെടുകാര്യസ്ഥതയ്ക്കും ഇടയാക്കിയ നന്മ സ്റ്റോറുകൾ നിർത്തലാക്കി ജീവനക്കാരുടെ എണ്ണം ശാസ്ത്രീയമായി ക്രമീകരിക്കുകയും അധികമുള്ളവരെ പുനർവിന്യസിപ്പിക്കുകയും ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 31.3.2016 ലെ താൽക്കാലിക ബാക്കി പത്ര പ്രകാരം സഞ്ചിത നഷ്ടം 418.11 കോടി രൂപ ആയിരുന്നു. എന്നാൽ 2017 ഡിസംബറിലെ കണക്ക് പ്രകാരം ഫെഡറേഷന് 51 കോടി രൂപയുടെ പ്രവർത്തന ലാഭം ഉണ്ടായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ സബ്സിഡി ഇനത്തിൽ നൽകുവാനുണ്ടായിരുന്ന കുടിശ്ശിക തുകയിൽ 50 കോടി രൂപ നൽകിയിട്ടുണ്ട്. കൂടാതെ 2016 റംസാൻ വിപണിക്ക് 5 കോടിയും 2017 ഓണം വിപണിക്ക് 40 കോടി രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) കാർഷിക മേഖലയോടൊപ്പം തന്നെ മൂല്യവർദ്ധിത ഉല്പന്ന മേഖലയിലും ക്ഷീര മേഖലയിലും ഗാർഹിക വ്യവസായ മേഖലയിലും സഹകരണ പ്രസ്ഥാനങ്ങൾ

(ബി) കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കൃഷി വകുപ്പുമായി ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെടുന്ന എല്ലാ

വഴി നടത്തുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

ഗ്രാമ പഞ്ചായത്തുകളിലേയും, കാർഷിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി സഹകരണ സ്ഥാപനങ്ങൾ ആരംഭിച്ച കർഷക സേവന കേന്ദ്രങ്ങൾക്ക് ധനസഹായം നൽകി അതിന്റെ പ്രവർത്തനം വിപുലീകരിച്ചിട്ടുണ്ട്. കാർഷിക വിപണന മേഖലയിലെ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകി ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും കാർഷിക വായ്പ എടുക്കുന്നവർക്ക് പലിശ ഇളവ് നൽകുന്നുണ്ട്. ഹ്രസ്വകാല വിളവായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നതിനായി 2013 വർഷം മുതൽ ഉത്തേജന പലിശ ഇളവ് പദ്ധതി നടപ്പിലാക്കി വരുന്നു.

ക്ഷീര വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ക്ഷീര സംഘങ്ങൾ വഴി ക്ഷീരകർഷകർ അളക്കുന്ന പാലിന് ലിറ്ററിന് ഒരു രൂപാ നിരക്കിൽ കാലിത്തീറ്റ ധനസഹായം അനുവദിക്കുന്നു. ഇതുമൂലം ക്ഷീരസംഘങ്ങളിൽ ലഭ്യമാകുന്ന പാലിന്റെ അളവിൽ വർദ്ധനവ് ഉണ്ടാകുന്നുണ്ട്. 2017-18 വർഷത്തിൽ 14 കോടി രൂപ ഈ ഇനത്തിൽ ക്ഷീര സഹകരണ സംഘങ്ങൾ ചെലവഴിച്ചിട്ടുണ്ട്. ലക്ഷോപലക്ഷം കർഷകർക്ക് താങ്ങേകുവാനും ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സഹകരണ പ്രസ്ഥാനമായ മിൽമയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഉല്പാദനോപാധികളായ കാലിത്തീറ്റ മിനറൽ സപ്ലിമെന്റ്, കൃത്രിമ ബീജധാന സൗകര്യങ്ങൾ എന്നിവ മേഖലായൂണിയനുകൾ വഴി മിൽമ, കർഷകർക്ക് വിതരണം ചെയ്തു വരുന്നു. ക്ഷീര കർഷകർക്ക് അവർ സംഘങ്ങളിൽ ഒഴിക്കുന്ന പാലിന് സുസ്ഥിരമായ വില കൃത്യമായ ഇടവേളകളിൽ നൽകുന്നു. ക്ഷീര കർഷകർക്ക് അവരുടെ തൊഴിൽ ലാഭകരമാക്കുന്നതിന് വേണ്ട സൗകര്യങ്ങൾ സബ്സിഡി നിരക്കിൽ നൽകുന്നതിനും ക്ഷീര കർഷകർക്കും കന്നുകാലികൾക്കും

ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനും വേണ്ട നടപടികൾ മിൽമ മേഖലാ യൂണിയനുകൾ വഴി നടപ്പിലാക്കുന്നു.

| | |
|---|---|
| (സി) നെല്ല്, നാളികേരം തുടങ്ങി സംസ്ഥാനത്തെ പ്രധാന വിളകളുടെ സംഭരണത്തിനും അവയുടെ മൂല്യവർദ്ധിതോല്പന്നങ്ങളായും അല്ലാതെയുള്ള വിപണനത്തിനും പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ? | (സി) കാർഷിക വിപണന മേഖല ശക്തിപ്പെടുത്തുന്നതിന് പ്രാഥമിക വിപണന സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം (സബ്സിഡി/ ഓഹരി/വായ്പ) നൽകുന്നു. കാർഷിക സംസ്കരണത്തിന് ബൈലായിൽ വ്യവസ്ഥയും പശ്ചാത്തല സൗകര്യവും സ്വന്തമായി സ്ഥലവുമുള്ള എല്ലാത്തരം സഹകരണ സംഘങ്ങൾക്കും കാർഷിക സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ പുനരുദ്ധരിക്കുന്നതിനും ധനസഹായം നൽകി വരുന്നു.<br>കർഷകരിൽ നിന്നും സപ്ലൈകോ നെല്ല് സംഭരിച്ചതിന്റെ രസീത് കർഷകർ സഹകരണ ബാങ്കുകളിൽ ഹാജരാക്കുമ്പോൾ നെല്ലിന്റെ വില കർഷകരുടെ അക്കൗണ്ടിൽ പി.ആർ.എസ്.ലോൺ വഴി ലഭ്യമാക്കുന്നതിനായി ബാങ്കുകളുമായി കരാറിൽ ഏർപ്പെടുന്നതിന് സപ്ലൈകോയ്ക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ നിന്നും 2017-18 വർഷത്തെ നെല്ല് സംഭരണത്തിനുള്ള സംഭരണ വില ഒന്നാം വിളയ്ക്ക് 56,93,93,592/- രൂപയും രണ്ടാം വിളയ്ക്ക് 11,26,17,452/- രൂപയും നൽകിയിട്ടുണ്ട്. നെല്ല് സംഭരണത്തിനു വേണ്ടി ജില്ലാ ബാങ്കിൽ 28488 കെ.സി.സി അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**